## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3254

14.07.2015 ൽ മറുപടിയ്ക്ക്

# കാർഷിക വായ്പകൾക്കുള്ള പലിശ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ<br>ശ്രീ. പി.തിലോത്തമൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കാർഷിക വായ്പകൾക്ക് പലിശയിളവ് നൽകുന്നതിന് നൽകിയിരുന്ന സഹായം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാർഷിക വായ്പയുടെ പലിശയിൽ എത്ര ശതമാനം ഇളവാണ് കേന്ദ്ര സർക്കാർ നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) കാർഷിക വായ്പകൾക്ക് പലിശയിളവ് നൽകുന്നതിന് നൽകിയിരുന്ന പലിശ ഇളവ് പദ്ധതി 2015 ജൂലൈ മാസം 31 വരെയായി നിജപ്പെടുത്തിയിട്ടുണ്ട്.<br>ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക, കാലാവധിയ്ക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തവണ തീയതിയിലോ അതിന് മുൻപോ തിരിച്ചടയ്ക്കുന്നവർക്ക് പരമാവധി 3% പലിശ സബ്‌വെൻഷൻ നൽകി വരുന്നു. |
| (ബി) ബാങ്കുകൾ കാർഷിക വായ്പയ്ക്ക് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ് ; | (ബി) ബാങ്കുകൾ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശയാണ് ഈടാക്കുന്നത്. |
| (സി) കേന്ദ്ര സഹായം പിൻവലിച്ചാലും പലിശ രഹിത കാർഷിക വായ്പ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി 4% പലിശ സബ്സിഡി സർക്കാർ അനുവദിച്ച് വരുന്നുണ്ട്. 5% പലിശ ഇളവ് അനുവദിക്കാൻ വ്യവസ്ഥയുള്ളതിനാൽ പലിശയിനത്തിൽ ബാക്കി 2% കൂടി അനുവദിക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ ഭേദഗതി വരുത്തുന്ന |

കാര്യം പരിശോധിച്ച് വരുന്നു. കൂടാതെ കേന്ദ്ര സഹായം തുടർന്നും നൽകണമെന്നഭ്യർത്ഥിച്ച് മുഖ്യമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ